**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ(സാധാ) നം. 2139/2012/തസ്വഭവ** | **തിരുവനന്തപുരം, തീയതി, 03.08.2012**

പരാമർശം:- 27.12.11-ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പ് പദ്ധതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് കൈവശഭൂമി സംബന്ധമായ വിഷയങ്ങളുള്ളതിനാൽ ഇക്കാര്യത്തിൽ ഉന്നതതല ചർച്ച നടത്തി തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശപ്രകാരം സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇടുക്കി ജില്ലയിലെ പട്ടയമില്ലാത്ത കൃഷിക്കാരുടെ ഭൂമിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിനായി താഴെ പറയും പ്രകാരം അംഗങ്ങൾ ഉൾപ്പെട്ട ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| 1. | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | - | ചെയർമാൻ |
| 2. | പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് | - | മെമ്പർ |
| 3. | പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ് | - | മെമ്പർ |
| 4. | ഗ്രാമവികസന കമ്മീഷണർ | - | മെമ്പർ |
| 5. | മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | - | കൺവീനർ |

പരാമർശ വിഷയത്തിൽ ഒരു മാസത്തിനകം ഉന്നതതല സമിതി തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ടി.കെ. മനോജ് കുമാർ**
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്, തിരുവനന്തപുരം.
3. സമിതി അംഗങ്ങൾ
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. കരുതൽ ഫയൽ
6. ഓഫീസ് കോപ്പി
7. പകർപ്പ് : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*